# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5405** **26.03.2018-ൽ മറുപടിയ്ക്ക്**

## ജൈവ ചെമ്മീൻ കൃഷി

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) സംസ്ഥാനത്ത് ജൈവ ചെമ്മീൻ കൃഷി നടത്താൻ പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) | ജൈവ ചെമ്മീൻകൃഷി നടത്താനുള്ള പദ്ധതികൾ ഒന്നും ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിന്റെ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചേഞ്ചിൽ ഉൾപ്പെടുത്തി രാസവളങ്ങൾ കീടനാശിനികൾ, കളനാശിനികൾ എന്നിവ പൂർണ്ണമായി ഒഴിവാക്കിയും പരിമിതമായ തോതിൽ മാത്രം തീറ്റ നൽകിയും നടത്തുന്ന പരിസ്ഥിതി സൗഹൃദ കൃഷി രീതിയായ "കൈപ്പാട് - പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യനെൽകൃഷി പദ്ധതി" അഡാക്ക് മുഖേന നടത്തി വരുന്നു. |
| ബി) എങ്കിൽ, എവിടെ, എത്ര വിസ്തീർണ്ണമുളള സ്ഥലത്താണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ; | ബി) | കണ്ണൂർ ജില്ലയിലെ 300 ഹെക്ടർ കൈപ്പാട്, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 300 ഹെക്ടർ പൊക്കാളി നിലങ്ങളിലുമാണ് അഡാക്ക് വഴി പരിസ്ഥിതി സൗഹൃദ കൃഷി ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനകം 260 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>2017-20 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകളിലായി 4000 ഹെക്ടർ പ്രദേശത്ത് നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| സി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ധാരണാ പത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ് ഒപ്പുവച്ചതെന്ന് വ്യക്തമാക്കാമോ; | സി) ε ഡി) | സർക്കാർ ഒപ്പു വച്ചിട്ടില്ല. |
| ഡി) ധാരണാപത്രത്തിന്റെ കോപ്പി ലഭ്യമാക്കാമോ; | | |

| | | | |
|---|---|---|---|
| ഇ) | ഈ പദ്ധതി നടപ്പിലാക്കിയാൽ കേരളത്തിനുണ്ടാകുന്ന നേട്ടങ്ങൾ വിശദീകരിക്കാമോ; | ഇ) | പാരിസ്ഥിതിക പ്രാധാന്യമുള്ള ആവാസ വ്യവസ്ഥയെ സംരക്ഷിച്ച് നെൽകൃഷിയും മത്സ്യ കൃഷിയും നടപ്പിലാക്കി ഉൽപാദന വർദ്ധനവും പരിസ്ഥിതി സംരക്ഷണവും ലക്ഷ്യമിടുന്നു. |
| എഫ്) | പദ്ധതിക്കുവേണ്ട ചെലവ് എത്രയാണെന്നും ഇത് ആരെല്ലാം വഹിക്കുമെന്നും വ്യക്തമാക്കാമോ? | എഫ്) | അഡാക്ക് വഴി നടപ്പാക്കുന്ന പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി പദ്ധതിയുടെ ആകെ അടങ്കൽ 33.73 കോടി രൂപയാണ്. കൂടാതെ 2017-20 സാമ്പത്തിക വർഷങ്ങളിൽ കൈപ്പാട് - പൊക്കാളി സംയോജിത നെല്ല് ചെമ്മീൻ കൃഷി പദ്ധതി നടപ്പിലാക്കുന്നതിനായി 296 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ